"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതികൾക്കായി, അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട് സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാൻ നിലവിലെ നിയമത്തിൽ ഇളവ് വരുത്തി ജില്ലാകളക്ടർക്ക് അനുവാദം നൽകിയ 17/06/2022 തീയതിയിലെ സ.ഉ(കൈ)നം.161/2022/റവ ഉത്തരവിന്റെ പരിധിയിൽ KRWSA (ജലനിധി)-യെ കൂടി ഉൾപ്പെടുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

OP/HRD
For n/a
02/09/24
DFA i/c

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.150/2024/RD തീയതി,തിരുവനന്തപുരം, 24-08-2024

---

പരാമർശം:-

1. 17.06.2022 തീയതിയിലെ സ.ഉ (കൈ) നം.161/2022/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2024 തീയതിയിലെ LR/1423/2022-LR(K2) നമ്പർ കത്ത്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതികൾക്കായി, അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ടു സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റി നൽകുവാൻ നിലവിലെ നിയമത്തിൽ ഇളവ് നൽകികൊണ്ട് ജില്ലാകളക്ടർക്ക അനുവാദം നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. ചാലിയാർ ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി മുഖേന സമ്പൂർണ്ണ കവറേജ് നടപ്പാക്കുന്ന ഏജൻസിയാണ് ജലനിധി. മലപ്പുറം ജില്ലയിൽ അകംപാടം വില്ലേജിൽ 7,8,9, വാർഡുകളിലെ വീട്ടുകൾക്കായി നിർദ്ദേശിച്ച ജലവിതരണ പദ്ധതിയുടെ ഉറവിടം/കിണർ നിർമ്മിക്കുന്നതിന് ചാലിയാറിന്റെ തീരത്തുള്ള സർവേ നമ്പർ 195-ൽ 5 സെന്റ് പുറമ്പോക്ക് ഭൂമി ലഭിക്കുന്നതിന് ചാലിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. പരാമർ ശം (1) ഉത്തരവ് പ്രകാരം, പുറമ്പോക്ക് ഭൂമി ജൽജീവൻ മിഷൻ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് മാത്രം അനുമതി നൽകാൻ ജില്ലാ കളക്ടർക്ക് അധികാരമുള്ളൂ എന്നതിനാൽ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് അനുവദിക്കുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ പരാമർശ ഉത്തരവിന്റെ പരിധിയിൽ KRWSA (ജലനിധി) കൂടി ഉൾപ്പെടുത്തുവാൻ ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ അപേക്ഷിക്കുകയും ആയത് ജലവിഭവവകുപ്പ്

ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

3. കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്ന പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതും ആയത് സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ജലനിധി നടപ്പിലാക്കുന്ന ജൽജീവൻ പദ്ധതികൾക്ക് ഭൂഗർഭ ജലവകുപ്പിനും നിലവിലുള്ള സേവന വകുപ്പുകൾക്കും ഭൂമി നൽകുന്ന തരത്തിൽ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിർത്തി ഉപയോഗാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകാവുന്നതായി കാണുന്നു എന്നും 17/06/2022-ലെ ഉത്തരവിന്റെ പരിധിയിൽ ജലനിധിയേയും ഉൾപ്പെടുത്താവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതികൾക്കായി, അനുവദനീയമായ പരിധിയിൽ നിന്നുകൊണ്ട്, സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാൻ നിലവിലെ നിയമത്തിൽ ഇളവ് വരുത്തിക്കൊണ്ട് ജില്ലാകളക്ടർക്കു അനുവാദം നൽകിയ പരാമർശം (1) ഉത്തരവിന്റെ പരിധിയിൽ ജലനിധി ( KRWSA)-യെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടികൾ ജില്ലാ കളക്ടർമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് (21/8/2024-ലെ ഇനം 2356 പ്രകാരം)

ജല വിഭവ വകുപ്പ് (WS-C3/490/2023-WRD)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എൽ1/58/2024-റവ)

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
Date: 24-08-2024 16:57:12

സെക്ഷൻ ഓഫീസർ